"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്-ജീവനക്കാര്യം - മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നഴ്സിംഗ് സൂപ്രണ്ട് തസ്തികയിൽ സ്ഥലംമാറ്റവും സ്ഥാനക്കയറ്റവും അനുവദിച്ച് - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.1825/2025/H&FWD തീയതി,തിരുവനന്തപുരം, 02-07-2025

---

പരാമർശം:-
1. സ.ഉ (സാധാ) നം. 2928/2024/ആ.കു.വ തീയതി 02/12/2024
2. സ.ഉ (അച്ചടി) നം. 37/2025/ആ.കു.വ തീയതി 19/03/2025
3. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 22/04/2025 തീയതിയിലെ ജെ 3 /2104/2025/ മെ.വി.വ നമ്പർ കത്ത്

**ഉത്തരവ്**

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നഴ്സിംഗ് സൂപ്രണ്ട് തസ്തികയിൽ സ്ഥലംമാറ്റവും. സ്ഥാനക്കയറ്റവും സംബന്ധിച്ച് പരാമർശം (3) പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചിരുന്ന ശിപാർശ സർക്കാർ വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം RIO-ൽ നഴ്സിംഗ് സൂപ്രണ്ട് തസ്തികയിൽ നിലവിൽ ജോലി ചെയ്തു വരുന്ന ശ്രീമതി. രാജിമോൾ പി.റ്റി-ക്ക് തിരുവനന്തപുരം ശ്രീ. അവിട്ടം തിരുനാൾ ആശുപത്രിയിലെ നിലവിലുള്ള ഒഴിവിലേയ്ക്ക് സ്ഥലംമാറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. പരാമർശം (2 ) സെലക്ട് ലിസ്റ്റിൽ ക്രമ നം. 17 എ ആയി ഉൾപ്പെട്ടതും നിലവിൽ ഡെപ്യൂട്ടി നഴ്സിംഗ് സൂപ്രണ്ട് തസ്തികയിൽ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ജോലി നോക്കി വരുന്നതുമായ ശ്രീമതി. അമ്പിളി എസ്. നായർക്ക്, തന്റെ ജൂനിയറിന് നേഴ്സിംഗ് സൂപ്രണ്ട് തസ്തികയിൽ സ്ഥാനക്കയറ്റം നൽകിയ പരാമർശം (1) സർക്കാർ ഉത്തരവ് തീയതി ആയ 02.12.2024 പ്രാബല്യത്തിൽ 55200 - 115300 രൂപ ശമ്പള സ്കെയിലിൽ നേഴ്സിംഗ് സൂപ്രണ്ട് തസ്തികയിൽ നോഷണൽ പ്രൊമോഷൻ നൽകി കൊണ്ടും, കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിയമിച്ചും, ടി സെലക്ട് ലിസ്റ്റിൽ തന്നെ ക്രമ നം. 1, 2 ആയി ഉൾപ്പെട്ടതും ഡെപ്യൂട്ടി നഴ്സിംഗ് സൂപ്രണ്ട് തസ്തികയിൽ നിലവിൽ ജോലി ചെയ്തു വരുന്നതുമായ ചുവടെ പറയുന്ന ജീവനക്കാർക്ക് നഴ്സിംഗ് സൂപ്രണ്ട് തസ്തികയിലേയ്ക്ക് 1958 ലെ കെ.എസ് & എസ്.എസ്.ആർ ഭാഗം II ചട്ടം 28(ബി) (i) പ്രകാരം 55200-115300 ശമ്പള സ്കെയിലിൽ ചുവടെ പറയും പ്രകാരം സ്ഥാനക്കയറ്റം നൽകി അവരുടെ പേരിന് നേരെ നൽകിയിട്ടുള്ള സ്ഥാപനത്തിൽ സ്ഥിരനിയമനം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | പേര്, നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനം | സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന സ്ഥാപനം |
|---|---|---|
| | ശ്രീമതി.നെബിസ കെ.കെ., | മെഡിക്കൽകോളേജ് ആശുപത്രി , |

| | | |
|---|---|---|
| 1. | മെഡിക്കൽകോളേജ് എറണാകുളം | കോഴിക്കോട് |
| 2. | ശ്രീജയ കെ. എസ്സ്., മെഡിക്കൽകോളേജ് ആശുപത്രി , ആലപ്പുഴ | RIO തിരുവനന്തപുരം |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീകല ആർ
അണ്ടർ സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ തിരുവനന്തപുരം.
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം )
ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടുമാർക്ക്(മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)(എ &ഇ)കേരള തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ) )
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Prijith. G
Date: 02-07-2025 17:07:22
സെക്ഷൻ ഓഫീസർ

പകർപ്പ്
ബഹു. ആരോഗ്യ വനിതാ ശിശുവികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്